പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 256 05-03-12-ൽ മറുപടിക്ക്.

<u>മദ്യഷാപ്പുകൾക്ക് ലൈസൻസ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്നതിന് അബ്കാരി നിയമത്തിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പുതിയ മദ്യശാലകൾ തുറക്കുന്നതിന്, അതാത് സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന, പഞ്ചായത്ത് / നഗരപാലിക നിയമങ്ങളിൽ ഉണ്ടായിരുന്നതും പിന്നീട് നീക്കം ചെയ്യതുമായ വ്യവസ്ഥ പുന: സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) അസഹ്യവും ആപൽക്കരവുമായ വ്യാപാരം നടത്തുന്നതുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് എക്സൈസ് വകുപ്പ് പരിശോധിക്കാറുണ്ടോ; | (ബി) ഇല്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച 24 ബാറുകൾക്ക് ലൈസൻസ് നൽകിയപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; | (സി) നിലവിലുള്ള അബ്കാരി ആക്ട്, വിദേശമദ്യ ചട്ടങ്ങൾ, സർക്കാരിന്റെ അബ്കാരി നയം എന്നിവയ്ക്കനുസൃതമായി മാത്രമേ ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത വ്യവസ്ഥകളെല്ലാം തന്നെ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കിയശേഷമാണ് ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) ഈ 24 ബാറുകൾക്ക് ലൈസൻസ് നൽകിയത് എത്ര വർഷത്തേക്കാണ്? | (ഡി) വിദേശമദ്യചട്ടം 13 (3) പ്രകാരം, ഹോട്ടലുകൾക്ക്, ഒരു സാമ്പത്തിക വർഷത്തേക്കാണ് ബാർ ലൈസൻസുകൾ നൽകുന്നത്. |

സെക്ഷൻ ആഫീസർ